പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3512 18.02.2013 - ൽ മറുപടിയ്ക്ക്

സ്നേഹപൂർവ്വം പദ്ധതി

ചോദ്യം ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഡോ. എം.കെ. മുനീർ
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങളും ലക്ഷ്യങ്ങളും വിശദമാക്കുമോ; | (എ) | വിവിധ സാഹചര്യങ്ങളാൽ മാതാപിതാക്കൾ രണ്ടുപേരും അഥവാ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയോ ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ ബന്ധു ഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന് പ്രയോജനപ്പെടുന്ന ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം. |
| (ബി) | ബി.പി.എൽ കാർഡുള്ള അനാഥകുട്ടികൾക്കാണോ ഈ പദ്ധതി പ്രകാരം സഹായം നൽകുക; | (ബി) യും (സി) യും | ബി.പി.എൽ. കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പുറമെ ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗര പ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള കുടുംബത്തിലെ കുട്ടികൾക്കും പദ്ധതി ആനുകൂല്യം നൽകാൻ ഉത്തരവായിട്ടുണ്ട്. |
| (സി) | ബി.പി.എൽ കാർഡ് എന്നുള്ളത് മാറ്റി, വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുമോ; | | |
| (ഡി) | സർക്കാർ എയ്ഡഡ് സ്കൂൾ മാനദണ്ഡം നിർബന്ധമാണോ; ഇതിലും ഇളവ് അനുവദിക്കുന്നതിന് നടപടിയുണ്ടാകുമോ? | (ഡി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ/ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. ഇതിൽ ഇളവ് അനുവദിക്കുന്ന കാര്യം തത്കാലം പരിഗണനയിലില്ല. |

R. Vijayakumar

സെക്ഷൻ ഓഫീസർ